# വളർച്ച

*(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു,* ***D.Sc.,Ph.D.****)*

കുമ്മായം അടർന്ന്
മുഷിഞ്ഞ ചുമരിൽ
അംഗുലിയുടെ
അംഗുല അടയാളങ്ങൾ
ഗ്രാഫൈറ്റ് പെൻസിലിൽ
തിരശ്ചീന രേഖകളാക്കിയത്
ചേച്ചിയേയും ചേട്ടനേയും
മറികടക്കുന്ന ഉയരങ്ങളുടെ
അളവുകോലോ?

നിശ്ചലമായ പ്രകൃതിയിൽ
ചെകിടടച്ച പ്രതീതിയിൽ
മൂളിപ്പാടും ചൂളംവിളിയിൽ
നീണ്ടുവരും നഖാഗ്രങ്ങളോ?

എത്ര വടിച്ചിട്ടും കരകരപ്പായ്
സ്പർശ സുകരതാസുഖത്തെ
നിർവ്വീകരിക്കും തഴമ്പും വടുവുമാകും
വെള്ളക്കറുപ്പു കുറ്റിരോമങ്ങളോ?

ഓർമ്മകളുടെ അതീന്ദ്രതയിലെ
അറിവിന്റെ മുഴക്കോലുകളുടെ
നീളുന്ന അങ്കനവിടവുകൾ,
ജ്ഞാനവും പരിജ്ഞാനവും-
അധികയറിവിൻ വളരും വ്യാസവും-
വ്യാകുലതകൾ വികസിക്കും
കലിഡോസ്കോപ്പിലെ
വർണ്ണത്തുണ്ടുകളോ?
തലയിൽ പെരുക്കും
ശരത്തുഷാരങ്ങളോ?

നിത്യയൗവ്വനത്തിൻ
വാജീകരണൗഷധി തേടും
പ്രയാണമോ?

എന്നിട്ടും ഒളിഞ്ഞു കിടക്കും
വൻകരകളിൽ
ആഴമത്സ്യബന്ധനത്തിനു
സാദ്ധ്യത തേടും
പ്രമാണമോ?

പ്രണവസ്വരവും സ്ഥാനവും
വിശ്ലേഷണ സ്ഫടികപാത്രത്തിൽ
മൂളിപ്പാട്ടായ്, കാതിൽ
പുലർചിന്തയിൽ അലയ്ക്കും
പ്രണാമമൊ?
*********************************************